ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീ. എം. എൻ. ഗോവിന്ദൻനായർ അങ്ങനെ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

പഞ്ചായത്ത്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടന.

* 1616. [10] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

പഞ്ചായത്തു്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടനയെത്തുടർന്നു് പഞ്ചായത്തിൽനിന്നും പബ്ലിക് വർക്സിലേക്കു് നിയോഗിച്ച എത്ര ഉദ്യോഗസ്ഥന്മാരെ പോസ്റ്റുചെയ്യാതിരുന്നിട്ടുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

രണ്ടു സൂപ്രണ്ടുമാരെയും ഒരു അപ്പർഡിവിഷൻ ക്ലർക്കിനേയും ഒഴികെ ബാക്കി എല്ലാവരേയും പോസ്റ്റുചെയ്തുകഴിഞ്ഞു. ഈ മൂന്നുപേർക്കും പഞ്ചായത്തു ഡിപ്പാർട്ട്മെൻറിലുണ്ടായിരുന്നതിനു തുല്യമായ തസ്തികകളിൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ നൽകുന്ന കാര്യത്തെപ്പറ്റി ലോക്കൽ ബാഡിസ് ഡയറക്ടറുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : അവരെ പോസ്റ്റുചെയ്യാതായിട്ടു് വളരെക്കാലമായിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദു്: അവരുടെ ലീൻ സംബന്ധിച്ചുള്ള തർക്കമാണു് പോസ്റ്റിംഗിനു താമസമുണ്ടാക്കുന്നതു്.

ശ്രീ. കെ. എ. ബാലൻ : അവർക്കു് ലോക്കൽ ബാഡിസ് ഡയറക്ടറേറ്റിലോ ഫിസിലും, പി. ഡബ്ലിയു. ഡിപ്പാർട്ട്മെൻറിലും ജോലിയില്ലാതെവരുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അങ്ങനെയുള്ള കുഴപ്പമൊന്നും ഇല്ല. അവർ ഇപ്പോൾത്തന്നെ ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്നുണ്ടു്.

തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ.

* 1617. [11] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59 സാമ്പത്തികവർഷത്തിൽ മലബാർ പ്രദേശത്തെ കടൽത്തീരങ്ങളിൽ എവിടെയെല്ലാം തീപിടിത്തംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) അങ്ങനെയുണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിഹരിക്കാൻ എന്തു നടപടികളാണു് സ്വീകരിച്ചു ;

(സി) പൊന്നാനി കടൽത്തീരത്തു് മത്സ്യത്തൊഴിലാളികളുടെ വേനങ്ങൾക്കു തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly